പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 116　　　　09-03-2015 - ൽ മറുപടിയ്ക്ക്

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ പദ്ധതി.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ടി. വി. രാജേഷ്: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി |
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർഏജൻസിയായ പൂനെയിലെ CWPRS നടത്തിയ പഠനങ്ങളുടെ വിശദാംശം നൽകുമോ; | എ) | ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS പൂനെ പഠനം നടത്തി വരികയാണ്. ഇതിനായി Tidal details, Current data, Salinity, Suspended Sediments തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചു വരികയാണ്. ഇത് CWPRS ന് നൽകിയ ശേഷം ആറുമാസത്തിനകം പഠന റിപ്പോർട്ട് ലഭിക്കുന്നതാണ്. |
| ബി) | എപ്പോഴേക്ക് പഠനങ്ങൾ പൂർത്തിയാക്കുവാൻ കഴിയും; | ബി) | പഠനം പൂർത്തിയാക്കുന്നതിനാവശ്യമായ ഡേറ്റാ ശേഖരിച്ചുവരുന്നു. കാലവർഷത്തിനുമുമ്പും ശേഷവുമുള്ള കറന്റ് ഡേറ്റ ശേഖരിച്ചതിനുശേഷം ആയത് CWPRS ന് കൈമാറി ആറുമാസത്തിനകം പഠനം പൂർത്തിയാക്കാമെന്നാണ് CWPRS അധികൃതർ അറിയിച്ചിട്ടുള്ളത്. |
| സി) | പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ കഴിയും;വിശദാംശം നൽകുമോ? | സി) | കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് CWPRS ന്റെ മാതൃകാപഠനം ലഭിച്ചതിനുശേഷം പരിസ്ഥിതിപഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS -ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ